(ഡി) വിവരം ശേഖരിച്ചു വരുന്നു.

(ഇ) ലഭ്യമായ വിവരങ്ങൾ അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്.†

(എഫ്) വിവരം ശേഖരിച്ചുവരുന്നു.

മുഖ്യമന്ത്രിയുൾപ്പെടെ ഓരോ മന്ത്രിയും വാങ്ങിയ അലവൻസുകൾ

16 (16) ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രി ഉൾപ്പെടെ ഓരോ മന്ത്രിയും എന്തു തുക വീതം ടി.എ., ഡി.എ., മറ്റു അലവൻസുകൾ എന്നീ ഇനങ്ങളിൽ പറ്റിയിട്ടുണ്ട് ;

(ബി) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രി ഉൾപ്പെടെ ഓരോ മന്ത്രിയും മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് ഇനത്തിൽ എന്തു തുക പറ്റിയിട്ടുണ്ട് ?

ഉത്തരം

(എ&ബി) അനുബന്ധമായി കൊടുത്തിരിക്കുന്നു. †

മന്ത്രിമാരുടെ വിദേശയാത്ര

17 (17) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രി, മന്ത്രിമാർ എന്നിവർ നടത്തിയ വിദേശയാത്രകളുടെ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ഈ വിദേശയാത്രകൾക്ക് ഓരോന്നിനും ഗവൺമെന്റിനു ചെലവായ തുക എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) ഓരോ യാത്രയ്ക്കും വിമാനക്കൂലിയിനത്തിൽ ചെലവായ തുക എത്ര ;

(ഡി) ഓരോ മന്ത്രിമാരുടേയും കൂട്ടത്തിൽ ആരെല്ലാം അനുഗമിച്ചിരുന്നുവെന്നും അതിനു ചെലവായ തുക എത്രവീതമെന്നും വ്യക്തമാക്കാമോ ;

(ഇ) ഗവൺമെന്റ് ഉദ്യോഗസ്ഥന്മാരും പേഴ്സണൽ സ്റ്റാഫിൽപ്പെട്ടവരും അല്ലാതെ ആരെങ്കിലും മുഖ്യമന്ത്രിയേയും മന്ത്രിമാരേയും അനുഗമിച്ചിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ ആരെല്ലാമെന്നും അവർ ഗവൺമെന്റ് ചെലവിൽ പോകുവാൻ ഇടയായ സാഹചര്യം എന്താണെന്നും വ്യക്തമാക്കാമോ ;

† അനുബന്ധം - VII, VIII

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഓരോ വിദേശയാത്രയുടെയും ഉദ്ദേശലക്ഷ്യങ്ങൾ എന്തായിരുന്നുയെന്ന് വ്യക്തമാക്കുമോ ;

(എച്ച്) ഈ വിദേശയാത്രകൾ കൊണ്ട് സംസ്ഥാനത്തിനുണ്ടായ നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ;

(ഐ) ഉണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) വെളിപ്പെടുത്താം.

(ബി&സി)

1. മുഖ്യമന്ത്രി ആകെ 660335 രൂപ.
2. ശ്രീ. പി. ജെ. ജോസഫ്(വിദ്യാഭ്യാസവും പൊതുമരാമത്തും വകുപ്പുമന്ത്രി) ആകെ 4,05,581 രൂപ. 2000 ഡിസംബറിൽ നടത്തിയ 6-ാമത്തെ വിദേശയാത്രയുടെ ചെലവ് സംബന്ധിച്ച കണക്കുകൾ ലഭ്യമായിട്ടില്ല.
3. ശ്രീ. ടി. കെ. രാമകൃഷ്ണൻ (മൽസ്യബന്ധനവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി) ആകെ 4,03,059 രൂപ.
4. ശ്രീ. പിണറായി വിജയൻ (മുൻ വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി) ആകെ 3,84,763 രൂപ.
5. ശ്രീ. എ. സി. ഷൺമുഖദാസ് (മുൻ ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി) ആകെ 1,73,315 രൂപ
6. ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കക്ഷേമ വകുപ്പുമന്ത്രി) ആകെ 88,857 രൂപ
7. ശ്രീ. കെ. ഇ. ഇസ്മയിൽ (റവന്യൂ വകുപ്പുമന്ത്രി) ആകെ 1,27,685 രൂപ.
8. ശ്രീ. പി. ആർ. കുറുപ്പ് (മുൻ വനവും ഗതാഗതവും വകുപ്പുമന്ത്രി) ആകെ 1,75,237 രൂപ.
9. ശ്രീമതി സുശീലാ ഗോപാലൻ (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) ആകെ 1,07,740 രൂപ. 1998-ൽ നടത്തിയ രണ്ടാമത് വിദേശയാത്രയിലെ വിമാനക്കൂലി ലഭ്യമല്ല.
10. ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ (കൃഷി വകുപ്പുമന്ത്രി) ആകെ 1,20,805 രൂപ
11. ശ്രീ. ടി. ശിവദാസമേനോൻ (ധനകാര്യ വകുപ്പുമന്ത്രി) ആകെ 41,825 രൂപ.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഇ&എഫ്) വൈദ്യപരിശോധനയ്ക്കായി ലണ്ടനിൽ പോയ അവസരത്തിൽ മുഖ്യമന്ത്രിയുടെ ഭാര്യ മുഖ്യമന്ത്രിയെ അനുഗമിച്ചിട്ടുണ്ട്.

(ജി) അനുബന്ധം-1-ൽ ചേർത്തിട്ടുണ്ട്.†

(എച്ച്) വിലയിരുത്തിയിട്ടുണ്ട്.

(ഐ) കേരളത്തിലെ വ്യവസായ വികസനം, നിക്ഷേപ സമാഹരണം തുടങ്ങി കേരളത്തിന്റെ സമഗ്രവികസനത്തിനുതകുന്ന തരത്തിൽ നേട്ടമുണ്ടായി കൊണ്ടിരിക്കുന്നു. വിശദാംശങ്ങൾ തിട്ടപ്പെടുത്തിയിട്ടില്ല.

സംസ്ഥാന സിവിൽ സർവ്വീസിലുള്ള ഉദ്യോഗസ്ഥരുടെ പട്ടിക

18 (18) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സിവിൽ സർവ്വീസിൽ ഉള്ള ഉദ്യോഗസ്ഥർക്ക് ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവീസ് (ഐ.എ.എസ്) പ്രമോഷൻ വഴി നൽകുന്നതിന് ഏതൊക്കെ വിഭാഗത്തിൽ നിന്നുള്ള ഉദ്യോഗസ്ഥൻമാരാണ് അർഹരായിട്ടുള്ളത് ; ഓരോ വിഭാഗത്തിനും ശതമാനം നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കാമോ ;

(ബി) ഓരോ വിഭാഗത്തിനേയും അർഹരാക്കുന്ന സർക്കാർ ഉത്തരവുകളുടെ കോപ്പികൾ ലഭ്യമാക്കുമോ ;

(സി) പ്രമോഷൻ വഴി നൽകുന്ന ഐ.എ.എസ്. ആകെയുള്ള തസ്തികയുടെ എത്ര ശതമാനമാണ് എന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഐ.എ.എസ്. പ്രമോഷൻ വഴി നൽകുന്നതിനുള്ള മറ്റു മാനദണ്ഡങ്ങൾ എന്തൊക്കെയാണ് എന്ന് വിശദമായി വ്യക്തമാക്കാമോ ;

(ഇ) സംസ്ഥാനത്ത് ഏത് വർഷം മുതലാണ് പ്രമോഷൻ വഴി ഐ.എ.എസ്. നൽകുവാൻ തുടങ്ങിയത് ; ഇതുവരെ പ്രമോഷൻ വഴി ഐ.എ.എസ്. ലഭിച്ചവരുടെ ലിസ്റ്റ്, പേര്, വർഷം, സിവിൽ സർവ്വീസിലെ ഏതു വിഭാഗത്തിൽ നിന്നുള്ളവരായിരുന്നുവെന്നും തരംതിരിച്ച് വ്യക്തമാക്കാമോ ?

ഉത്തരം

(എ) റവന്യൂ വകുപ്പിലെ ഡെപ്യൂട്ടി കളക്ടർമാരെ മാത്രമാണ് പ്രമോഷൻ വഴി ഐ.എ.എസ്. നൽകുന്നതിന് സംസ്ഥാന സിവിൽ സർവ്വീസ് ഉദ്യോഗസ്ഥന്മാരായി പരിഗണിക്കുന്നത്.

(ബി) 'എ' യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി) പ്രമോഷൻ വഴിയും സെലക്ഷൻ വഴിയും ഐ.എ.എസ്. നൽകുന്നതിന് നീക്കിവച്ചിട്ടുള്ള തസ്തികകളുടെ 85 ശതമാനം.

---

† അനുബന്ധം - IX

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IX

[19-2-2001- ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 17 (17)- ന്റെ ഉത്തരം ദയവായി കാണുക]

മുഖ്യമന്ത്രി : (1) 5-7-1996 മുതൽ 9-7-1996 വരെ അമേരിക്ക സന്ദർശിച്ചു. നോർത്ത് അമേരിക്കയിലെ ഫെഡറേഷൻ ഓഫ് കേരള അസോസിയേഷൻസ് എന്ന സംഘടനയുടെ ഇന്റർ നാഷണൽ കൺവെൻഷനിൽ പങ്കെടുക്കുകയായിരുന്നു ഉദ്ദേശം.

(2) 14-11-1996 മുതൽ 24-11-1996 വരെ ജർമനി, നെതർലാന്റ്, യു. എ. ഇ എന്നീ രാജ്യങ്ങൾ സന്ദർശിച്ചു. യൂറോപ്യൻ മലയാളി സംഘടനയുടെ ക്ഷണം സ്വീകരിച്ച് അവരുടെ സമ്മേളനം ഉൽഘാടനം ചെയ്യുവാനും സ്വിസ് ഏജൻസിയുടെ ക്ഷണം സ്വീകരിച്ച് അവിടുത്തെ സർക്കാർ ഉദ്യോഗസ്ഥരുമായി വിവിധ കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയുമായിരുന്നു യാത്രയുടെ പ്രധാന ഉദ്ദേശം.

(3) 10-6-1997 മുതൽ 22-6-1997 വരെ കാനഡ, അമേരിക്ക, ഫ്രാൻസ്, ഇറ്റലി എന്നീ രാജ്യങ്ങൾ സന്ദർശിച്ചു. കനേഡിയൻ സർക്കാരിന്റെ ക്ഷണം സ്വീകരിച്ച് കനേഡിയൻ ഇന്റർ നാഷണൽ ഡവലപ്മെന്റ് ഏജൻസിയുമായി ചർച്ച നടത്താനും അമേരിക്കൻ മലയാളികൾ ക്ഷണിച്ചതനുസരിച്ച് വ്യവസായികളുമായി ചർച്ച നടത്താനുമാണ് കാനഡയും അമേരിക്കയും സന്ദർശിച്ചത്. കണ്ണൂരിലെ വിമാനത്താവളം, വ്യവസായ വികസനം എന്നീ കാര്യങ്ങളുമായി ബന്ധപ്പെട്ട ചർച്ചകൾ നടത്താനാണ് ഫ്രാൻസ് സന്ദർശിച്ചത്. ഇറ്റലിയിലെ ഗവൺമെന്റ് അധികൃതരുമായും വ്യവസായികളുമായും വ്യാവസായിക വികസനത്തെ സംബന്ധിച്ചും ടെക്നോളജിക്കൽ പാർക്കുകളെ സംബന്ധിച്ചുമുള്ള ചർച്ചകൾക്കാണ് അവിടം സന്ദർശിച്ചത്.

(4) ദോഹയിലെ എം. ഇ. എസ് ഇന്ത്യൻ സ്കൂൾ സംഘടിപ്പിച്ച കേരളാ കൾച്ചറൽ ഫെസ്റ്റിവൽ ഉൽഘാടനം ചെയ്യുന്നതിനുവേണ്ടിയാണ് 26-9- 1998 മുതൽ 28-9-1998 വരെ ദോഹ സന്ദർശിച്ചത്.

(5) കേരള സർക്കാർ ഉടമസ്ഥതയിലുള്ള കേരഫെഡിന്റെ ബിസിനസ് പങ്കാളിയായ മൊണ്ടാന ഫുഡ്സ്റ്റഫ് ട്രേഡിംഗ് എന്ന സ്ഥാപനത്തിനുവേണ്ടി കേരാ ഗോൾഡ് കോക്കനറ്റ് ഓയിൽ ഔദ്യോഗികമായി പുറത്തിറക്കുന്നതിന് അവരുടെ ക്ഷണം സ്വീകരിച്ചുകൊണ്ട് നോൺ റസിഡന്റ് ഇന്ത്യാക്കാരുമായി ബന്ധപ്പെട്ട് കേരളാ ഗവൺമെന്റ് നടപ്പാക്കിവരുന്ന ഇൻഷുറൻസ് പദ്ധതികളെ സംബന്ധിച്ച് ചർച്ചചെയ്യുന്നതിനുമാണ് 28-4-1999 മുതൽ ഒമാൻ, മസ്കറ്റ്, അബുദാബി, ദുബായ്, കുവൈറ്റ് എന്നീ രാജ്യങ്ങൾ സന്ദർശിച്ചത്.

* 6-ാമതു വിദേശയാത്ര സംബന്ധിച്ച വിവരങ്ങൾ 7-ാം പുറത്ത് ചേർത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

II ശ്രീ. പി. ജെ. ജോസഫ് : (വിദ്യാഭ്യാസ പൊതുമരാമത്ത് വകുപ്പുമന്ത്രി)

29-6-1996 മുതൽ 13-7-1996 വരെ ഫ്രാങ്ക്ഫർട്ട്, റോം, ലണ്ടൻ, അമേരിക്ക എന്നിവിടങ്ങൾ സന്ദർശിച്ചു നോർത്ത് അമേരിക്കയിലെ ഫെഡറേഷൻ ഓഫ് കേരള അസോസിയേഷൻ എന്ന സംഘടനയുടെ ക്ഷണം സ്വീകരിച്ചാണ് അമേരിക്കൻ യാത്ര നടത്തിയത്. ലണ്ടൻ, ഫ്രാങ്ക്ഫർട്ട് എന്നിവിടങ്ങളിലെ വിദ്യാഭ്യാസ അധികൃതരുമായി ചർച്ച ചെയ്യുന്നതിനുവേണ്ടിയാണ് മറ്റ് സ്ഥലങ്ങൾ സന്ദർശിച്ചത്.

(2) 2-11-1996 മുതൽ 4-11-1996 വരെ ബഹറൈൻ, കുവൈറ്റ് എന്നീ രാജ്യങ്ങൾ സന്ദർശിച്ചു. ബഹറൈനിലെ നോൺ റസിഡന്റ് ഇന്ത്യൻ വെൽഫയർ സൊസൈറ്റി ഓഫ് ഇന്ത്യയുടെ 11-ാമത് ഇന്റർനാഷണൽ കോൺഗ്രസിൽ പങ്കെടുക്കാനും കുവൈറ്റ് മലയാളി കൾച്ചറൽ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ എൻ. ആർ. ഐ. സംഘടിപ്പിച്ച ഹൗസിംഗിനേയും ഉന്നത വിദ്യാഭ്യാസത്തെ കുറിച്ചുമുള്ള സെമിനാറിൽ പങ്കെടുക്കുന്നതിനാണ് യാത്ര നടത്തിയത്.

(3) 14-11-1996 മുതൽ 24-11-1996 വരെ ജർമനി, നെതർലാന്റ്, സ്വിറ്റ്സർലാന്റ്, യു. എ. ഇ. എന്നീ രാജ്യങ്ങൾ സന്ദർശിച്ചു. യൂറോപ്യൻ മലയാളി സംഘടനയുടെ ക്ഷണം സ്വീകരിച്ച് അവരുടെ കോൺഫറൻസിൽ പങ്കെടുക്കാനും സ്വിസ് ഏജൻസിയുടെ ക്ഷണം സ്വീകരിച്ച് അവിടുത്തെ സർക്കാർ ഉദ്യോഗസ്ഥരുമായി വിവിധകാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയുമായിരുന്നു യാത്രയുടെ ലക്ഷ്യം.

(4) 12-6-1997 മുതൽ 22-6-1997 വരെ ജർമനി, ഇറ്റലി എന്നീ രാജ്യങ്ങൾ സന്ദർശിച്ചു. വിദേശ സന്ദർശനം നടത്തുകയായിരുന്ന മുഖ്യമന്ത്രിയെ സഹായിക്കുകയായിരുന്നു സന്ദർശനത്തിന്റെ പ്രധാന ഉദ്ദേശം.

(5) 28-10-1999 മുതൽ 1-11-1999 വരെ ദോഹ, ദുബായ് എന്നീ സ്ഥലങ്ങൾ സന്ദർശിച്ചു. സെന്റ് ബർച്ച്മാൻസ് അസ്സോഷൻ അലുമ്നി ദോവി ചിപ്റ്ററിന്റെ പ്രസിഡന്റിന്റെ ക്ഷണപ്രകാരം കേരള മേളയിലെ മുഖ്യ അതിഥിയായി പങ്കെടുത്തു. ദുബായിലെ ന്യൂ ഇന്ത്യൻ മോഡൽ സ്കൂളിന്റെ വാർഷികപരിപാടിയിൽ പങ്കെടുക്കുന്നതിനാണ് ദുബായി സന്ദർശിച്ചത്.

(6) 6-12-2000 മുതൽ 16-12-2000 വരെ മലേഷ്യ, സിങ്കപ്പൂർ, അമേരിക്ക, തുടങ്ങിയ രാജ്യങ്ങൾ സന്ദർശിച്ചു. ശബരിമലയിലേക്കുള്ള റോഡ് വികസന പദ്ധതി, കൊച്ചിയിലെ ജലവിതരണ പദ്ധതി തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച് മലേഷ്യൻ സർക്കാരുമായി ചർച്ച ചെയ്യുന്നതിൽ മുഖ്യമന്ത്രിയെ സഹായിക്കാൻ ആയിരുന്നു മലേഷ്യൻ യാത്ര. കേരളത്തിലെ സ്കൂൾ കുട്ടികൾക്ക് കമ്പ്യൂട്ടർ വിദ്യാഭ്യാസം നൽകുന്നത് സംബന്ധിച്ച് മൈക്രോസോഫ്റ്റ് ഒഫീഷ്യൽസുമായി ചർച്ചചെയ്യുകയായിരുന്നു അമേരിക്കൻ യാത്രയുടെ ഉദ്ദേശ്യം. സിങ്കപ്പൂർ യാത്രയുടെ ഉദ്ദേശ്യവും കേരളത്തിലെ വിദ്യാഭ്യാസ കാര്യങ്ങളെക്കുറിച്ച് ആലോചിക്കുകയായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

III ശ്രീ. ടി. കെ. രാമകൃഷ്ണൻ : (മത്സ്യബന്ധന സാംസ്ക്കാരിക വകുപ്പുമന്ത്രി)

(1) 1-10-1996 മുതൽ 9-10-1996 വരെ ജർമനിയും ലണ്ടനും സന്ദർശിച്ചു. ജർമ്മനിയിൽ നടന്ന ഭാരതസ്വാതന്ത്ര്യത്തിന്റെ സുവർണ്ണജൂബിലി ആഘോഷങ്ങളിൽ സംബന്ധിക്കാനും ലണ്ടനിലെ ശ്രീനാരായണഗുരുമിഷന്റെ സാംസ്ക്കാരിക പരിപാടിയിൽ സംബന്ധിക്കാനുമായിരുന്നു യാത്ര നടത്തിയത്.

(2) 26-9-1997 മുതൽ 27-9-1997 വരെ കുവൈറ്റ് സന്ദർശിച്ചു. കുവൈറ്റിലെ 'കല' എന്ന സാംസ്ക്കാരിക സംഘടനയുടെ സേവന പദ്ധതികളെ സംബന്ധിച്ച സമാപനയോഗത്തിൽ പങ്കെടുക്കാൻ വേണ്ടിയാണ് കുവൈറ്റ് സന്ദർശിച്ചത്.

(3) 28-6-1998 മുതൽ 6-7-1998 വരെ അമേരിക്ക സന്ദർശിച്ചു. വടക്കെ അമേരിക്കയിലെ ഫെഡറേഷൻ ഓഫ് കേരളാ അസോസിയേഷന്റെ ക്ഷണപ്രകാരം അവരുടെ 8-ാമത് ഇന്റർ നാഷണൽ കൺവെൻഷനിൽ പങ്കെടുക്കുന്നതിന് വേണ്ടിയാണ് അമേരിക്ക സന്ദർശിച്ചത്.

(4) 21-7-1999 മുതൽ 1-8-1999 വരെ ജർമനി സന്ദർശിച്ചു. ജർമനിയിലെ ഗ്ലോബൽ മലയാളി കൺവെൻഷനിലും, കേരളമേള ഇന്റർനാഷണലിലും പങ്കെടുക്കുന്നതിനാണ് ശ്രീ. ടി. കെ. രാമകൃഷ്ണൻ ജർമനി സന്ദർശിച്ചത്.

IV ശ്രീ. പിണറായി വിജയൻ : (മുൻ വൈദ്യുതി-സഹകരണ വകുപ്പുമന്ത്രി)

(1) 13-10-1996 മുതൽ 28-10-1996 വരെ കാനഡയും അമേരിക്കയും സന്ദർശിച്ചു. പള്ളിവാസൽ, പന്നിയൂർ, ശെൻകുളം ജലവൈദ്യുതപദ്ധതികളുടെ പുനരുദ്ധാരണത്തെ സംബന്ധിച്ച കാര്യങ്ങൾ കനേഡിയൻ അധികൃതരുമായി സംസാരിക്കാൻ കനേഡിയൻ ഗവൺമെന്റ് ക്ഷണിച്ചതനുസരിച്ചാണ് കാനഡ സന്ദർശിച്ചത്. പുതിയ ചില ജലവൈദ്യുത പദ്ധതികൾക്ക് വേണ്ട ധനസഹായം ലോകബാങ്കിൽ നിന്നും കിട്ടാനുള്ള സാധ്യത ആരായാനായിരുന്നു അമേരിക്ക സന്ദർശിച്ചത്.

(2) 10-6-1997 മുതൽ 22-6-1997 വരെ കാനഡ, അമേരിക്ക, ഫ്രാൻസ്, ഇറ്റലി എന്നീ രാജ്യങ്ങൾ സന്ദർശിച്ചു. വിദേശസന്ദർശനം നടത്തുകയായിരുന്ന മുഖ്യമന്ത്രിയെ ചർച്ചകളിൽ സഹായിക്കുകയായിരുന്നു സന്ദർശനോദ്ദേശം.

(3) 27-4-1998 മുതൽ 9-5-1998 വരെ ചൈനയും സിങ്കപ്പൂരും സന്ദർശിച്ചു. ചെറുകിട ജലവൈദ്യുത പദ്ധതികളുടെ ഇന്റർനാഷണൽ നെറ്റ്വർക്ക് ഡയറക്ടറുടെ ക്ഷണപ്രകാരം ബന്ധപ്പെട്ടവരുമായി ചർച്ചകൾക്കാണ് ചൈന സന്ദർശിച്ചത്. സിങ്കപ്പൂരിലെ വിദേശവ്യാപാര മന്ത്രാലയവുമായും വ്യാപാരവികസന ബോർഡുമായും ചർച്ച നടത്തുകയായിരുന്നു സിങ്കപ്പൂർ സന്ദർശനോദ്ദേശം.

V എ. സി. ഷൺമുഖദാസ് : (ആരോഗ്യ സ്പോർട്സ് വകുപ്പുമന്ത്രി)

(1) 7-5-1997 മുതൽ 22-5-1997 വരെ അമേരിക്ക സന്ദർശിച്ചു. ഇന്ത്യൻ അമേരിക്കൻ നഴ്സസ് അസോസിയേഷന്റെ ക്ഷണം സ്വീകരിച്ച് ഇന്ത്യയുടെ

LIBRARY ARCHIVES Kerala Legislative Assembly

അമ്പതാം സ്വാതന്ത്ര്യ ദിനാഘോഷങ്ങളിൽ പങ്കെടുക്കാനും അമേരിക്കൻ ആയുർവേദിക്ക് അക്കാഡമി ക്ഷണിച്ചതനുസരിച്ച് കേരളത്തിലെ ആയുർവേദ ചികിൽസാരീതി അമേരിക്കയിലും യൂറോപ്പിലും വ്യാപകമായി പ്രചരിപ്പിക്കാനുള്ള കാര്യങ്ങളെ സംബന്ധിച്ച് ചർച്ച നടത്താനുമാണ് യാത്ര നടത്തിയത്.

VI ശ്രീ. കെ. രാധാകൃഷ്ണൻ : (പട്ടികജാതി/പട്ടികവർഗ്ഗ/പിന്നോക്ക ക്ഷേമ വകുപ്പുമന്ത്രി)

(1) 24-7-1997 മുതൽ 14-8-1997 വരെ ക്യൂബയിലെ ഹവാന സന്ദർശിച്ചു. വേൾഡ് യൂത്ത് ഫെഡറേഷൻ ക്യൂബയിലെ ഹവാനയിൽ സംഘടിപ്പിച്ച "വേൾഡ് ഫെസ്റ്റിവൽ ഓഫ് യൂത്ത് ആന്റ് സ്നൂഡൽസിൽ" പങ്കെടുക്കുന്നതിനാണ് യാത്ര നടത്തിയത്.

VII ശ്രീ. കെ. ഇ. ഇസ്മയിൽ : (റവന്യൂ വകുപ്പുമന്ത്രി)

(1) 18-8-1997 മുതൽ 28-8-1997 വരെ ഖത്തറും യു. എ. ഇ യും സന്ദർശിച്ചു. ഖത്തറിലെ ഇന്ത്യൻ കൾച്ചറൽ സെന്ററും യു. എ. ഇ. യിലെ ഇന്ത്യൻ സോഷ്യൽ സെന്ററും സംഘടിപ്പിച്ച പരിപാടികളിൽ പങ്കെടുക്കാനാണ് യാത്ര നടത്തിയത്.

(2) 30-9-1997 മുതൽ 4-10-1997 വരെ കുവൈറ്റ് സന്ദർശിച്ചു. കുവൈറ്റിലെ "യുണൈറ്റഡ് മലയാളി ഓർഗനൈസേഷൻ" സംഘടിപ്പിച്ച ഭാരതമേള ഉൽഘാടനം ചെയ്യാൻ വേണ്ടിയാണ് യാത്ര നടത്തിയത്.

(3) 7-8-1999 മുതൽ 13-8-1999 വരെ ദുബായി, അബൂദാബി, ദോഹ എന്നീ രാജ്യങ്ങൾ സന്ദർശിച്ചു. ഗൾഫ് രാജ്യങ്ങളിലെ കേരളീയ സമൂഹത്തിനുവേണ്ടി നോർക്ക വിഭാവനം ചെയ്യുന്ന സാമൂഹ്യസുരക്ഷാ പദ്ധതികളെക്കുറിച്ച് വിശദീകരിക്കാനും ഭാരതത്തിന്റെ സ്വാതന്ത്ര്യ ദിനാഘോഷങ്ങളിൽ പങ്കെടുക്കാനുമാണ് യാത്ര നടത്തിയത്.

VIII ശ്രീ. പി. ആർ. കുറുപ്പ് : (മുൻ വനം ഗതാഗത-ദേവസ്വം വകുപ്പുമന്ത്രി)

19-9-1997 മുതൽ 3-10-1997 വരെ അമേരിക്ക, ജർമനി, നെതർലാന്റ്, സ്വീഡൻ എന്നീ സ്ഥലങ്ങൾ സന്ദർശിച്ചു. ചിക്കാഗോയിൽ നടന്ന അന്താരാഷ്ട്ര സെമിനാറിൽ പങ്കെടുക്കുന്നതിനും ഗതാഗതരംഗത്ത് വികസിത രാജ്യങ്ങൾ കൈവരിച്ച നേട്ടങ്ങൾ മനസ്സിലാക്കുന്നതിനുമാണ് ഈ യാത്ര നടത്തിയത്.

IX ശ്രീമതി സുശീലാഗോപാലൻ : (വ്യവസായവും, സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)

14-4-1998 മുതൽ 20-4-1998 വരെ ഈജിപ്തിലെ കെയ്റോ സന്ദർശിച്ചു. "മെയ്ഡ് ഇൻ ഇന്ത്യ" എന്ന പേരിൽ ഇന്ത്യ ട്രേഡ് പ്രമോഷൻ ഓർഗനൈസേഷൻ (ഇറ്റ്പോ) സംഘടിപ്പിച്ച ഇന്ത്യൻ പ്രദർശനം സന്ദർശിക്കുന്നതിനുവേണ്ടിയാണ് കെയ്റോ യാത്ര നടത്തിയത്.

LIBRARY ARCHIVES Kerala Legislative Assembly

(2) 19-10-1998 മുതൽ 25-10-1998 വരെ വിയറ്റ്നാമിൽ ഹാനോയ് സന്ദർശിച്ചു. ഹാനോയിൽ സംഘടിപ്പിച്ച "സെക്കന്റ് പ്രൈസ് ഓഫ് ഇൻഡ്യ" എക്സിബിഷനുമായി ബന്ധപ്പെട്ടാണ് യാത്ര നടത്തിയത്.

(3) 26-11-1999 മുതൽ 3-12-1999 വരെ ദുബായി, അബുദാബി, മസ്കറ്റ് എന്നീ രാജ്യങ്ങൾ സന്ദർശിച്ചു. പ്രവാസികളായ കേരളീയരിൽ കേരളത്തിന്റെ വ്യവസായ രംഗത്ത് മുതൽ മുടക്ക് നടത്തുന്നതിനെ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിനാണ് ഈ യാത്ര നടത്തിയത്.

X ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : (കൃഷി വകുപ്പുമന്ത്രി)

(1) 30-6-1999 മുതൽ 5-7-1999 വരെ അബുദാബി, ദുബായി, ദോഹ എന്നീ സ്ഥലങ്ങൾ സന്ദർശിച്ചു. ഈ രാജ്യങ്ങളിലെ മലയാളികളുടെ വിവിധ സംഘടനകളുടെ ക്ഷണമനുസരിച്ചാണ് ഈ യാത്ര നടത്തിയത്.

(2) 11-10-1999 മുതൽ 20-10-1999 വരെ ഇസ്രായേൽ സന്ദർശിച്ചു. ഇസ്രായേൽ ഗവൺമെന്റിന്റെ ക്ഷണപ്രകാരം അവിടത്തെ കാർഷികമേഖലയുമായി പരിചയപ്പെടുന്നതിനുവേണ്ടിയാണ് ഈ യാത്ര നടത്തിയത്.

XI ശ്രീ. ടി. ശിവദാസമേനോൻ : (ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി)

29-7-1999 മുതൽ 12-8-1999 വരെ അബുദാബി, ദുബായ്, ദോഹ, ബഹറിൻ, കുവൈറ്റ്, മസ്കറ്റ് എന്നീ രാജ്യങ്ങൾ സന്ദർശിച്ചു. കേരളത്തിന്റെ പുരോഗതിക്ക് പ്രവാസികളായ കേരളീയരിൽ നിന്നും നിക്ഷേപം സമാഹരിക്കുവാനുള്ള സാധ്യത കണക്കിലെടുത്ത് കേരളാ ഫിനാൻഷ്യൽ കോർപ്പറേഷൻ മുഖേന മൂലധന നിക്ഷേപത്തിന് അവരെ പ്രോത്സാഹിപ്പിക്കുകയായിരുന്നു യാത്രയുടെ ലക്ഷ്യം.

* (6) 6-12-2000 മുതൽ 15-12-2000 വരെ മലേഷ്യ യു. കെ. എന്നീ രാജ്യങ്ങൾ സന്ദർശിച്ചു. ശബരിമലയിലേക്കുള്ള റോഡ് വികസനപദ്ധതി, കൊച്ചിയിലെ ജലവിതരണപദ്ധതി തുടങ്ങി ആറ് പദ്ധതികളിൽ മലേഷ്യൻ സർക്കാരിന്റെ പങ്കാളിത്തം സംബന്ധിച്ച് മലേഷ്യൻ ഗവൺമെന്റധികൃതരുമായി പ്രാഥമിക ധാരണയിലായി മലേഷ്യൻ ഗവൺമെന്റിന്റെ ക്ഷണപ്രകാരമാണ് ഈ യാത്ര നടത്തിയത്. ഇംഗ്ലണ്ടിലെ മിഡ്ലാന്റ് മലയാളി അസോസിയേഷന്റെ ക്ഷണപ്രകാരം അവരുടെ വാർഷിക സമ്മേളനത്തിൽ പങ്കെടുക്കുന്നതിനും കേരളത്തിൽ വിവിധ മേഖലകളിൽ പണം നിക്ഷേപിക്കുന്നതിന് ഇംഗ്ലണ്ടിലെ മലയാളികളെ പ്രേരിപ്പിക്കുന്നതിനും ലണ്ടനിൽ ഒരു മെഡിക്കൽ ചെക്കപ്പ് നടത്തുന്നതിനുമാണ് യു. കെ. സന്ദർശിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly